പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1269 **15-10-2026-ൽ മറുപടിയ്ക്ക്**

ഇ.എസ്.എ (പരിസ്ഥിതി ലോല പ്രദേശം)

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സി. കെ. കാസിം

ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

(എ) കോഴിക്കോട് ജില്ലയിലെ പുതുപ്പാടി വില്ലേജിലെ ജനവാസ കേന്ദ്രങ്ങളും കാർഷിക കൈവശ ഭൂമികളും ഇപ്പോൾ ഏത് പരിധിയിലാണ് ഉള്ളത്;

മറുപടി: കോഴിക്കോട് ജില്ലയിലെ പുതുപ്പാടി വില്ലേജ് 2026 ജൂലൈ 27-ലെ കരട് ഇ.എസ്.എ. വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും, ജനവാസ കേന്ദ്രങ്ങളും കാർഷിക കൈവശ ഭൂമികളും ഒഴിവാക്കി 12.16 ചതുരശ്ര കിലോമീറ്റർ പ്രദേശം മാത്രം ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിഷ്കരിച്ച നിർദ്ദേശം 2026 സെപ്റ്റംബർ 24-ന് കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ പുറപ്പെടുവിക്കുന്ന അന്തിമ വിജ്ഞാപനത്തിന്റെ തീരുമാനപ്രകാരമായിരിക്കും ഈ പ്രദേശത്തെ ഇ.എസ്.എ.യുടെ അന്തിമ വിസ്തൃതി നിർണ്ണയിക്കപ്പെടുന്നത്.

(ബി) ഇ.എസ്.എ (പരിസ്ഥിതി ലോല പ്രദേശം) പരിധിയിലാണെങ്കിൽ അതിൽ നിന്ന് ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുമോ?

മറുപടി: കോഴിക്കോട് ജില്ലയിലെ പുതുപ്പാടി വില്ലേജ് 2026 ജൂലൈ 27-ലെ കരട് ഇ.എസ്.എ. വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും, ജനവാസ കേന്ദ്രങ്ങളും കാർഷിക കൈവശ ഭൂമികളും ഒഴിവാക്കി 12.16 ചതുരശ്ര കിലോമീറ്റർ പ്രദേശം മാത്രം ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിഷ്കരിച്ച നിർദ്ദേശം 2026 സെപ്റ്റംബർ 24-ന് കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ പുറപ്പെടുവിക്കുന്ന അന്തിമ വിജ്ഞാപനത്തിന്റെ തീരുമാനപ്രകാരമായിരിക്കും ഈ പ്രദേശത്തെ ഇ.എസ്.എ.യുടെ അന്തിമ വിസ്തൃതി നിർണ്ണയിക്കപ്പെടുന്നത്.

സെക്ഷൻ ഓഫീസർ